# അധ്യായം ഇരുപത്തിയേഴ്

രാജനെ തല്ലിയെന്നറിഞ്ഞതോടെ പല മലയാളികളും സോമനെതിരായി. തൻപ്രമാണിത്തരങ്ങളൊക്കെ ഉണ്ടെങ്കിലും രാജൻ ഇന്നുവരെ ആരേയും ഉപദ്രവിച്ചിട്ടില്ല. ഇതാദ്യമായാണ് ഇങ്ങനെ സംഭവിക്കുന്നത്. മാത്രവുമല്ല. ഇവിടത്തെ മലയാളികൾ തല്ലുകൂടുക വടക്കൻമാരോടാണ്. അല്ലാതെ പരസ്പരം തല്ലുകൂടുക പതിവില്ല. പിന്നെ അത്രയും വൃത്തികേടു കാണിക്കുന്ന മലയാളിയോടെ മറ്റുള്ളവർ എന്തെങ്കിലിനും പോകാറുള്ളു. തങ്കച്ചൻ സ്ഥലത്തിലില്ലാത്തതും കാര്യങ്ങൾ കൂടുതൽ വഷളാക്കി. സോമനു വേണ്ടി സംസാരിക്കാൻ അധികം പേരും തയാറായില്ല. അപ്പുവും സൈനുവും ഹോട്ടലിൽ വന്നവരോട് കാര്യങ്ങളൊക്കെ പറഞ്ഞു ബോധിപ്പിക്കാൻ ശ്രമിച്ചെങ്കിലും കാര്യമുണ്ടായില്ല. എഴുത്തുകാരനും നാടകക്കാരനുമായി അറിയപ്പെട്ടു തുടങ്ങിയ സോമൻ അതിലും വേഗത്തിലാണ് ചട്ടമ്പിയാണെന്നു പേരു നേടിയത്. കണ്ടാൽ ചിരിച്ചിരുന്നവരൊക്കെ മിണ്ടാതായി. ഹോട്ടലിൽ വരുന്നവർപോലും പരിചയം നടിക്കാതെയായി.

ഓമനയുടെ ചേട്ടന്റെ വീട്ടുകാരും ഇക്കാര്യമറിഞ്ഞു. ഓമനയുമായി സോമൻ നല്ല പരിചയമുണ്ടെന്നു ചേട്ടത്തി തങ്കമ്മയ്ക്കറിമായിരുന്നു. എന്നാൽ അത് എത്രത്തോളം വളർന്നുവെന്നു അവർക്കറിയില്ലായിരുന്നു. സത്യത്തിൽ അവനോട് പരിചയമുള്ളത് അത്ര ശ്രദ്ധിക്കേണ്ട കാര്യമല്ലെന്നു അവർ കരുതിയെന്നതാണ് ശരി. ഇതുപോലെ ഒരുത്തനോട് തന്റെ ഭർത്താവിന്റെ അനുജത്തിക്കു പ്രണയമൊന്നും തോന്നില്ലയെന്നു അവർ ഉറപ്പിച്ചിരുന്നു. അവനെ കണ്ടാൽ ആരെങ്കിലും പ്രണയിക്കുമോ. അതുപോലെയാണ് രൂപം. പിന്നെ എഴുത്തുകാരനാണെന്നു പറഞ്ഞതു കൊണ്ട് പരിചയപ്പെട്ടതാകാം. അല്ലാതെ ഓമനയെപ്പോലെ ഒരു സുന്ദരിപ്പെണ്ണ് അവനോട് അടുപ്പം കാണിക്കുന്നതെന്തിന്.

എന്നാൽ ചിന്നമ്മ കാര്യങ്ങൾ പറഞ്ഞതോടെയാണ് തങ്കമ്മയ്ക്കു കാര്യങ്ങളുടെ കിടപ്പ് മനസിലായത്. സോമന് വസൂരി വന്നു കിടന്നപ്പോൾ ഓമന വന്നതും അവരുടെ അടുപ്പവും തങ്കമ്മയ്ക്കു വിശ്വസിക്കാനായില്ല. ഏതു മന്ത്രം കൊണ്ടാണ് ആ ചെകുത്താൻ ഓമനയെ മയക്കിയതെന്നു അവർ ആശ്ചര്യപ്പെട്ടു. ഇനി ചിന്നമ്മ വെറുതെ പറഞ്ഞതാകുമോ. അല്ലെങ്കിൽ അവൻ അവരെ തെറ്റിദ്ധരിപ്പിച്ചതാകുമോ. ഏതായാലും ഇത് ഓമനയോട് ചോദിച്ചു വിഷയമാക്കേണ്ട എന്നു തങ്കമ്മയ്ക്കു തോന്നി. അവൾക്കാണേൽ പരീക്ഷയുടെ തിരക്കുമാണ്. സോമനോട് തന്നെ ചോദിക്കാമെന്നു തങ്കമ്മ ഉറപ്പിച്ചു. കെട്ട്യോനോട് പറഞ്ഞാൽ കാര്യങ്ങൾ കൂടുതൽ വഷളാകുകയേയുള്ളു.

പിറ്റേ ദിവസം തന്നെ നൈറ്റ് ഡ്യൂട്ടി കഴിഞ്ഞ് അവർ സോമനെത്തേടി ഹോട്ടലിലെത്തി.

കടയിൽ അധികം പേർ ഉണ്ടായിരുന്നില്ല. തങ്കമ്മയെ കണ്ടതും സോമനു എന്തോ പന്തികേടു തോന്നി. ഇവർ ഹോട്ടലിലേക്കൊന്നും വരാറില്ല. അവരുടെ മുഖത്തെ കടുപ്പവും കാര്യങ്ങളുടെ കിടപ്പ് എന്തെന്നു പറയുന്നുണ്ട്. തങ്കമ്മ സോമനെ വിളിച്ചു ഹോട്ടലിനു പുറത്തുള്ള മരച്ചുവട്ടിലേക്കു നടന്നു. അവരുടെ നോട്ടത്തിൽ കലർന്ന പുച്ഛം സോമനിൽ അസ്വസ്ഥതയുണർത്തി.

എന്താ തന്റെ ഉദ്ദേശം....- മുഖത്തേക്കു നോക്കാതെ തങ്കമ്മ ചോദിച്ചു.

എന്ത് ഉദ്ദേശം...

ഓമനയുമായി നിനക്കെന്താ ഇത്ര അടുപ്പം....

എല്ലാം അറിഞ്ഞിട്ടാണ് ഇവർ വന്നിരിക്കുന്നതെന്നു സോമനു മനസിലായി. എല്ലാ സത്യവും തുറന്നു പറയണമോ. അല്ലെങ്കിൽ ഇവരോട് ഇതൊക്കെ വിവരിക്കുന്നതെന്തിന്. ഒരു മര്യാദയുമില്ലാതെയാണ് ഇവർ സംസാരിക്കുന്നത്.

എന്തടുപ്പം... ആരാ നിങ്ങളോടിത് പറഞ്ഞത്...

പറയണ്ടവരൊക്കെ പറഞ്ഞു... ചോദിച്ചതിന് ഉത്തരം പറഞ്ഞാൽ മതി... തങ്കമ്മ കരുതിത്തന്നെയാണ്. അവരുടെ അഹങ്കാരം നിറഞ്ഞ വാക്കുകൾ കേട്ടപ്പോൾ സോമനു കലി കയറിത്തുടങ്ങി. ഒന്നു താഴ്ന്നു കൊടുത്താൽ ചെവി കടിച്ചു തിന്നുമെന്നു സോമനുറപ്പായി.

എന്നാൽ പെണ്ണുമ്പുള്ള പറഞ്ഞവരോട് ചോദിച്ചു മനസിലാക്കിയാൽ പോരായോ....

ഞാൻ ചോദിച്ചതിൽ വല്ല സത്യമുണ്ടോയെന്നറിയാനാ വന്നത്.. ബാക്കി വേണ്ടത് ഞങ്ങൾക്കറിയാം...

അറിയാവുന്നത് അങ്ങ് ചെയ്യ്.... ഇവർക്കു വേറെ പണിയൊന്നുമില്ലേ....

ദേ.. ഒന്നു പറഞ്ഞേക്കാം.. ഓമനയെക്കുറിച്ചു വല്ലതും ആലോചിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള വെള്ളമങ്ങ് വാങ്ങി വച്ചേര്.. നെന്റെ റൗഡിത്തരം ഇവിടെയെടുക്കേണ്ട....

പെണ്ണുമ്പിള്ളേ... നിങ്ങള് പോയേ.. എന്റെ വായീന്നു വല്ലതും കേൾക്കാതെ... അല്ലാതെതന്നെ നല്ല പേരാ ഇപ്പോ... ഇനി പെണ്ണുങ്ങളെ കൂടി തല്ലി എന്ന് പേരുദോഷം കൂടി കിട്ടാനേയൊള്ള്....

സോമൻ തിരിഞ്ഞു ഹോട്ടലിലേക്കു നടന്നു. അവന്റെ പോക്കും നോക്കി തങ്കമ്മ വാപൊളിച്ചു നിന്നു. ഇതെന്തു സാധനം എന്നമട്ടിലായിരുന്നു അവരുടെ നിൽപ്പ്.

ഹോട്ടലിന്റെ വാതിലിനു മുന്നിൽ സോമനെ കടക്കാനനുവദിക്കാതെ ഒരുത്തൻ നിൽക്കുന്നുണ്ടായിരുന്നു. കൂടെ മൂന്നുനാലുപേരും. കൈലിയും മുട്ടിനു മുകളിൽ തെറുത്തു കയറ്റിയ ഷർട്ടും ധരിച്ച പ്രധാനിയുടെ നെറ്റിയിൽ ആഴത്തിലുണ്ടായ മുറിവിന്റെ കറുത്ത പാട് തെളിഞ്ഞു കിടക്കുന്നു. മുപ്പതു വയസു പ്രായം കാണും. ഒത്ത പൊക്കവും തടിയും. കൂടെയുള്ളവർ കുറച്ചു മാറിനിൽക്കുകയാണ്.

നീയാണോടാ.. സോമൻ.... – അപരിചിതൻ ചിലമ്പിച്ച ശബ്ദത്തിൽ ചോദിച്ചു. സോമൻ മറുപടിയൊന്നും പറഞ്ഞില്ല. കൈ തട്ടിമാറ്റി അകത്തേക്കു കയറാൻ തുടങ്ങിയ സോമന്റെ കഴുത്തിനു കുത്തിപ്പിടിച്ച് അപരൻ നിലത്തേക്കു വലിച്ചിട്ടു. അപ്രതീക്ഷിതമായ വീഴ്ചയിൽ സോമൻ പതറി. എഴുന്നേൽക്കുന്നതിനു മുമ്പ് അയാൾ അവനു കുറുകെ വന്നു നിന്നു. ഹോട്ടലിലും പുറത്തുമുണ്ടായ ആളുകൾ കാഴ്ചക്കാരായി. കൂട്ടത്തിൽ തങ്കമ്മ നേഴ്സും.

എന്റെ പേര് കുട്ടൻ... കൊറച്ചപ്പുറമുള്ളതാ.. നാട്ടീന്ന് പുതിയൊരു അവതാരം വന്നുവെന്നു കേട്ടു... ഒന്നു പരിചയപ്പെടാൻ വന്നാതാ... ഓ... ഇവനെ വലുതായൊന്നും പരിചയപ്പെടേണ്ട കാര്യമില്ല. അതിനുള്ളതില്ലല്ലോ... നരുന്തു ചെക്കൻ.....

കുട്ടന്റെ കൂടെയുള്ളവർ ചിരിച്ചു. കുട്ടനും. സോമൻ ചുറ്റും നോക്കി. ആളുകൾ ഏറെകൂടിയിട്ടുണ്ട്. ഇത് നേരത്തേ നിശ്ചയിച്ചതുപോലെയാണല്ലോ. പതിവായി കാണാത്തവരും കൂട്ടത്തിലുണ്ട്. അതിനിടയിൽ രാജന്റെ മുഖം സോമൻ പെട്ടെന്നു വായിച്ചെടുത്തു. ആരാണ് ഇതിനു പിന്നിലെന്നു അവനു മനസിലായി.

അപ്പുവും സൈനുവും ഓടിവന്ന് കുട്ടനോട് പ്രശ്നങ്ങളൊന്നുമുണ്ടാക്കരുതെന്നു അപേക്ഷിച്ചു. ഇരുവരേയും കുട്ടൻ തള്ളി നിലത്തേക്കിട്ടു. അപ്പു മേശയ്ക്കുമുകളിലേക്കും. സൈനു കസേരകൾക്കിടയിലേക്കും തെറിച്ചുവീണു. ഈ ബഹളത്തിനിടെ ചാടിയെഴുന്നേറ്റ സോമൻ അടുക്കളയിലേക്ക് ഓടി. അവന്റെ ഓട്ടം കണ്ട് കുട്ടനും കൂട്ടുകാരും പരിഹാസത്തോടെ ചിരിച്ചു. അടുക്കളയിലേക്കു പോയവനെ ഇങ്ങോട്ടു പിടിച്ചു കൊണ്ടുവരാൻ കുട്ടൻ കൂട്ടുകാരോട് പറഞ്ഞു. പറഞ്ഞു തീരുംമുമ്പേ അടുക്കളിയിൽ ചായയ്ക്കു തിളപ്പിച്ചുവച്ചിരുന്ന ഒരു കലം വെള്ളവുമായി സോമൻ പാഞ്ഞുവന്നു. കലമടക്കം സോമൻ കുട്ടന്റെ നേർക്കെറിഞ്ഞു. തിളച്ചു മറിഞ്ഞ വെള്ളം മുഖത്തും ദേഹത്തും വീണപ്പോൾ കുട്ടന്റെ ആകെ ചുരുണ്ടുപോയി. കിട്ടിയ തക്കം നോക്കി. അവനെ തള്ളിയിട്ട് സോമൻ ദേഹത്തു കയറിയിരുന്നു. ചൂടുവെള്ളത്തിന്റെ പൊള്ളൽ സോമനും കിട്ടിയെങ്കിലും അവൻ വിട്ടില്ല. മൂക്കു നോക്കിയായിരുന്നു ഇടി. മേൽത്താടിയിൽനിന്നു പല്ലൊരെണ്ണം കൊഴിഞ്ഞു വീഴുന്നത് വായിൽ നിറഞ്ഞ ചോരയിലൂടെ കുട്ടൻ അറിഞ്ഞു. കൊഴുത്ത ചോര വായിൽ നിന്നു പുറത്തേക്കൊഴുകി.

കുട്ടന്റെ അവസ്ഥ കണ്ട് കൂട്ടുകാർ സോമനു മേൽ ചാടിവീണു. എന്നാൽ അവരെ അപ്പുവും സൈനുവും തടഞ്ഞു. ഇരുവരും കൂടി കൂടെവന്നവരെ അത്യാവശ്യം പെരുമാറി. പിന്നെ ചവിട്ടിയും തള്ളിയും ഹോട്ടലിനു പുറത്താക്കി. സോമൻ കുട്ടനു നേരെയുള്ള ആക്രമണം അവസാനിപ്പിച്ചിരുന്നില്ല. അവൻ മുഖത്തുനോക്കി തന്നെയാണ് ഇടിച്ചത്. അത് മതിയായപ്പോൾ കുട്ടനെ കാലിനു പിടിച്ചു പുറത്തേക്കു വലിച്ചുകൊണ്ടിട്ടു. ഒടിഞ്ഞ കസേര കാലെടുത്തു നന്നായി തച്ചു. കുട്ടന്റെ മേൽ അടികൊണ്ട പാടുകൾ

തെളിഞ്ഞുപൊന്തി. കാഴ്ചക്കാരെല്ലാം തെല്ലു ഭയത്തോടെ പിറകോട്ടു മാറി. കുട്ടന്റെ കൂടെ വന്നവർ വീണ്ടും സോമനു നേരെ അടുക്കാൻ പേടിച്ചു മാറി നിൽക്കുകയാണ്. കുട്ടന്റെ കരച്ചിൽ അവിടമാകം മുഴങ്ങി. അപ്പുവും സൈനുവും ഒരു കണക്കിനു സോമനെ പിടിച്ചു മാറ്റാൻ ശ്രമിച്ചു. ഇനി അവനെ തല്ലല്ലേ... വിട്ടേയ്ക്ക്.. അല്ലേൽ അവൻ ചത്തുപോകുമെന്നൊക്കെ ഇരുവരും പറയുന്നുണ്ടായിരുന്നു. ഒടുവിൽ സോമൻ തല്ലുനിർത്തി. ചോരയിൽ കുളിഞ്ഞ കുട്ടൻ ഹോട്ടലിനു മുന്നിൽ കിടക്കുകയാണ്. വിയർപ്പിലും കുട്ടന്റെ ചോരയിലും നനഞ്ഞ് സോമൻ നിവർന്നു നിന്നു.

ആരാടാ ഇവനെയൊക്കെ ഇങ്ങോട്ടേക്കയച്ചത്... അവനൊക്കെ പറയുന്നിടത്ത് സോമൻ വരാമെടാ.. എന്നിട്ടു സോമനെ തല്ലിത്തോൽപ്പിക്ക്....

ഇതൊന്നും കേൾക്കാൻ രാജൻ അവിടെയുണ്ടായിരുന്നില്ല. അയാൾ എപ്പോഴേ സ്ഥലംവിട്ടിരുന്നു. സോമൻ ഹോട്ടലിനുള്ളിലേക്കു നടന്നു. അടികൊണ്ട് തളർന്നുകിടക്കുന്ന കുട്ടനേയും പൊക്കി കൂട്ടുകാർ സ്ഥലം വിടുന്നത് അമ്പരപ്പോടെയാണ് തങ്കമ്മ നേഴ്സ് നോക്കി കണ്ടത്. അവരുടെ അടിവയറ്റിൽ നിന്നു ഒരു തീഗോളം മുകളിലേക്കു പൊന്തി.

ദൈവമേ... ഇവനോടാണോ താൻ ഇത്രയും നേരം തർക്കിച്ചുനിന്നത്... ഇത് കൂട്ടിയാൽ കൂടുന്ന ഇനമല്ല...

അവർ സോമനെ നോക്കി. ഹോട്ടലിനുള്ളിൽനിന്ന് അവൻ തന്നെ നോക്കുന്നുണ്ട്. ഇനി അധിക നേരം ഇവിടെ നിന്നാൽ ശരിയാവില്ല. തങ്കമ്മ ചുറ്റും നോക്കാതെ ബസ് സ്റ്റോപ്പിലേക്കു വേഗത്തിൽ ചുവടുവച്ചു.